**പതിനാലാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5814** **02.07.2019-ൽ മറുപടിക്ക്**

## ഇതര സംസ്ഥാന തൊഴിലാളികൾ

| **ചോദ്യം** | **മറുപടി** |
|---|---|
| ശ്രീ.റ്റി.വി.രാജേഷ് : | ശ്രീ. ടി. പി. രാമകൃഷ്ണൻ<br>തൊഴിലും എക്സൈസും വകുപ്പ് മന്ത്രി |
| ഇതര സംസ്ഥാന തൊഴിലാളികൾക്ക് പാർപ്പിട സൗകര്യത്തിനും ചികിത്സയ്ക്കും അപകട ഇൻഷുറൻസിനുമായി എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കി വരുന്നത്; വിശദമാക്കാമോ? | തൊഴിൽ വകുപ്പിന്റെ കീഴിലുള്ള "ഭവനം ഫൗണ്ടേഷൻ കേരള" ഇതര സംസ്ഥാന തൊഴിലാളികൾക്കുവേണ്ടി നടപ്പിലാക്കി വരുന്ന ഭവനപദ്ധതിയാണ് "അപ്നാഘർ" പദ്ധതി. ഇതര സംസ്ഥാന തൊഴിലാളികൾക്ക് വേണ്ടി ഹോസ്റ്റൽ രീതിയിലുള്ള മാതൃകാ പാർപ്പിട സമുച്ചയമാണ് ഈ പദ്ധതി വഴി നടപ്പിലാക്കുന്നത്. പദ്ധതിയുടെ ആദ്യ പ്രോജക്ട് പാലക്കാട് ജില്ലയിലെ കഞ്ചിക്കോട് പ്രവർത്തനമാരംഭിച്ചു. 620 തൊഴിലാളികൾക്ക് താമസ സൗകര്യം ഇവിടെ ലഭ്യമാണ്. നിലവിൽ 596 പേർ താമസിക്കുന്നു. എറണാകുളം, കോഴിക്കോട് ജില്ലകളിൽ കൂടി ഈ പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.<br>സംസ്ഥാനത്ത് ജോലിയെടുക്കുന്ന ഇതര സംസ്ഥാന തൊഴിലാളികൾക്ക് "ആവാസ്" എന്ന പേരിൽ ഒരു ആരോഗ്യ ഇൻഷുറൻസ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. നിലവിൽ 387352 തൊഴിലാളികളാണ് പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ളത്. 15,000/- രൂപയുടെ ആരോഗ്യ ഇൻഷ്വറൻസും 2,00,000/- രൂപയുടെ അപകടമരണ ഇൻഷ്വറൻസുമാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. നിലവിൽ ആവാസ് പദ്ധതി അഷ്വറൻസ് മോഡിലേയ്ക്ക് മാറ്റിയിട്ടുണ്ട്. കൂടാതെ കുടിയേറ്റ തൊഴിലാളി ക്ഷേമ പദ്ധതിയിൽ അംഗങ്ങളായിട്ടുള്ളവർക്ക് പ്രസ്തുത പദ്ധതി പ്രകാരം ചികിത്സാ ധനസഹായം നൽകി വരുന്നു. ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ അധികാരത്തിൽ വന്നശേഷം പ്രസ്തുത ചികിത്സാ സഹായത്തിന്റെ പരിധി 2000 രൂപയിൽ നിന്ന് 20,000 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ